പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 4235

27.06.2013-ലെ മറുപടിക്ക്

## സി-ആപ്റ്റിന്റെ പുരോഗതിക്ക് ചിലവഴിച്ച തുകയുടെ വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) സി-ആപ്റ്റിന്റെ പുരോഗതിക്ക വേണ്ടി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കമോ ; | (എ) ലോട്ടറി വകുപ്പിന്റെ 3 കോടി രൂപ ധനസഹായത്തോടെ സി-ആപ്റ്റിൽ ഒരു സെക്യൂരിറ്റി പ്രസ്സ് സ്ഥാപിച്ച്, ഈ യൂണിറ്റിൽ രഹസ്യ സ്വഭാവമുള്ള ലോട്ടറി ഉൾപ്പെടെയുള്ള പ്രിന്റിംഗ് ജോലികൾ ചെയ്തു വരുന്നു. പ്രസ്തുത യൂണിറ്റിൽ ജപ്പാൻ നിർമ്മിത 4 കളർ ഷീറ്റ്ഫെഡ് പ്രിന്റിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. കാഴ്ച ശേഷി നഷ്ടപ്പെട്ടവർക്ക് അക്ഷരത്തിന്റെയും അറിവിന്റെയും വെളിച്ചം പകർന്നു നൽകുന്നതിനുവേണ്ടി ബ്രെയിലി പ്രസ്സ് സെന്ററിന്റെ ശംഖുമുഖത്തെ യൂണിറ്റിൽ സ്ഥാപിച്ചു. ആധുനിക മൾട്ടിമീഡിയ അനിമേഷൻ കോഴ്സുകൾ 120- ഓളം കേന്ദ്രങ്ങളിൽ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഫോർ കളർ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിനു വേണ്ടി സെന്ററിൽ ഒരു ബഹുനില മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സെന്ററിന്റെ ഒരു ഉപകേന്ദ്രം മലപ്പുറത്തും കോഴിക്കോട്ടും പ്രത്യേകമായി ഒരു ട്രെയിനിംഗ് വിഭാഗം ബൈരായിക്കുളത്തും സ്ഥാപിക്കുകയുണ്ടായി. |

| ചോദ്യം (ബി) | വർഷം | പദ്ധതി (പ്ലാൻ) | പദ്ധതിയേതര (നോൺ പ്ലാൻ) |
|---|---|---|---|
| പ്രസ്തുത വർഷങ്ങളിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ സർക്കാരിൽ നിന്നും എന്ത് തുക ലഭിച്ചു ; വ്യക്തമാക്കുമോ ; | 2010-11<br>റീഅപ്രോപ്രിയേഷൻ | 150 ലക്ഷം<br>50 ലക്ഷം | 33.27 ലക്ഷം<br>-- |
| | 2011-12<br>റീഅപ്രോപ്രിയേഷൻ | 150 ലക്ഷം<br>50 ലക്ഷം | 39.92 ലക്ഷം<br>16.80 ലക്ഷം |
| | 2012-13<br>റീഅപ്രോപ്രിയേഷൻ | 173 ലക്ഷം<br>-- | 43.91 ലക്ഷം<br>1.92 ലക്ഷം |

ചോദ്യം (സി) പ്രസ്തുത വർഷങ്ങളിൽ ഈ തുകയിൽ നിന്നും ഏതെല്ലാം ഇനത്തിൽ എന്തു തുക ചെലവഴിച്ചു ; വിശദമാക്കുമോ ;

ഉത്തരം: **2010-11 -ാം വർഷം പദ്ധതി ഇനത്തിൽ ചെലവായ തുക**

20 ലക്ഷം ( ബ്രെയിൽ ബൈൻഡിംഗ് യൂണിറ്റ് സ്ഥാപിക്കാൻ)

5 ലക്ഷം ( കോൺഫിഡൻഷ്യൽ പ്രിന്റിംഗ് യൂണിറ്റിന്റെ വികസനത്തിന്)

5 ലക്ഷം ( മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡിവിഷന്റെ വിപുലീകരണം)

5 ലക്ഷം ( കമ്പ്യൂട്ടർ സ്റ്റേഷനറി പ്രിന്റിംഗ് യൂണിറ്റിന്റെ വിപുലീകരണം)

100 ലക്ഷം ( ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് യൂണിറ്റിന്റെ വിപുലീകരണം)

15 ലക്ഷം ( ഹെഡ് ഓഫീസിലെയും സബ്സെന്ററിലും കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്ക്)

50 ലക്ഷം (ബ്രെയിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനും കൺസ്യൂമബിൾസ് വാങ്ങുന്നതിനും) - റീഅപ്രോപ്രിയേഷൻ.

**2010 -11 -ാം വർഷം പദ്ധതിയേതര ഇനത്തിൽ ചെലവായ തുക**

13.27 ലക്ഷം ( മെഷീനറിയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപണി)

20 ലക്ഷം ( കൺസ്യൂമബിൾസ് വാങ്ങുന്നതിന്)

**2011 - 12 വർഷം പദ്ധതി ഇനത്തിൽ ചെലവായ തുക**

25 ലക്ഷം ( സെന്റർ ഫോർ ബ്രെയിൽ സ്റ്റഡീസിന്റെ ശാക്തീകരണം )

10 ലക്ഷം ( കോൺഫിഡൻഷ്യൽ പ്രിന്റിംഗ് യൂണിറ്റിന്റെ വിപുലീകരണം)

0.50 ലക്ഷം (മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡിവിഷന്റെ വിപുലീകരണം)

0.50 ലക്ഷം ( കമ്പ്യൂട്ടർ സ്റ്റേഷനറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ)

14 ലക്ഷം ( ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് യൂണിറ്റിന്റെ വിപുലീകരണം)

100 ലക്ഷം ( ഹെഡ് ഓഫീസിലെയും സബ് സെന്ററിലും കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്ക്)

50 ലക്ഷം ( ഫോർ കളർ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിക

...ണ്ടിയുള്ള ബഹുനില മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ) - റീഅപ്രോപ്രി...

**2011 -12 -ാം വർഷം പദ്ധതിയേതര ഇനത്തിൽ ചെലവായ തുക**

15 ലക്ഷം ( മെഷീനറിയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപണി)

24.92 ലക്ഷം ( കൺസ്യൂമബിൾസ് വാങ്ങുന്നതിന്)

16.80 ലക്ഷം പ്രിന്റിംഗിനാവശ്യമായ കൺസ്യൂമബിൾസ് വാങ്ങുന്നതിനും കോട്ടയം ഉപകേന്ദ്രത്തിന്റെ വാടക കുടിശ്ശികയുടെ ഒരു വിഹിതം നൽകുന്നതിനും വിനിയോഗിച്ചു - റീഅപ്രോപ്രിയേഷൻ.

**2012 -13 -ാം വർഷം പദ്ധതി ഇനത്തിൽ ചെലവായ തുക**

10 ലക്ഷം ( സെന്റർ ഫോർ ബ്രെയിൽ സ്റ്റഡീസിന്റെ ശാക്തീകരണം)

1 ലക്ഷം ( ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് യൂണിറ്റിന്റെ വിപുലീകരണം)

1 ലക്ഷം ( കോൺഫിഡൻഷ്യൽ പ്രിന്റിംഗ് യൂണിറ്റിന്റെ വിപുലീകരണം)

150 ലക്ഷം ( ഹെഡ് ഓഫീസിലെയും സബ്സെന്ററിലും കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്ക്)

1 ലക്ഷം ( ഹെഡ് ഓഫീസ് കോംപ്ലക്സിന്റെ ശാക്തീകരണം)

1 ലക്ഷം ( സബ്സെന്റർ കോഴിക്കോട്ടും പാലായിലും പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കാനും സബ്സെന്റർ പാലായിൽ ലോട്ടറി ടിക്കറ്റ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കാനും)

1 ലക്ഷം ( എഡ്യൂക്കേഷണൽ ആന്റ് ഇലക്ട്രോണിക്സ് തീം പാർക്ക് സ്ഥാപിക്കൽ)

8 ലക്ഷം (ട്രെയിനിംഗ് ഡിവിഷന്റെ ശാക്തീകരണം)

**2012 -13 -ാം വർഷം പദ്ധതിയേതര ഇനത്തിൽ ചെലവായ തുക**

20 ലക്ഷം ( മെഷീനറിയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപണി)

23.91 ലക്ഷം ( കൺസ്യൂമബിൾസ് വാങ്ങുന്നതിന്)

1.92 ലക്ഷം - കെട്ടിടങ്ങളുടെ വാടക കുടിശ്ശിക തീർപ്പാക്കൽ - റീഅപ്രോപ്രിയേഷൻ

പദ്ധതിയേതര ഇനത്തിൽ കിട്ടിയ തുക അച്ചടി ജോലികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങാനും, യന്ത്രോപകരണങ്ങളുടെ കേടുപാട് തീർക്കുന്നതിനും സംരക്ഷണത്തിനും ഉപകേന്ദ്രത്തിന്റെ വാടക കുടിശ്ശികയുടെ ഒരു വിഹിതം നൽകുന്നതിനു വേണ്ടി ഉപയോഗിച്ചു

പദ്ധതി വിഹിതമായി ലഭിച്ച തുക സെന്ററിന്റെ വികസനത്തിനാവശ്യമായ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും, സെന്ററിന്റെ ഹെഡ് ഓഫീസിലെ ബഹുനില

മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും, ഉപകേന്ദ്രങ്ങളുടെ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്കും സംര ക്ഷണത്തിനും, മറ്റു വികസന പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിച്ചു.

സെക്ഷൻ ഓഫീസർ